# കേരള സർവകലാശാല

## കാമ്പസ് ഭരണ വിഭാഗം

**കാര്യവട്ടം, തിരുവനന്തപുരം**

www.keralauniversity.ac.in

**ജോയിന്റ് രജിസ്ട്രാർ**
**കാമ്പസ് ഭരണ വിഭാഗം**

**ടെലി-ഫാക്സ്- 0471 2308614**
Email-jr.ca.uok@gmail.com

നം. സി.എ/അഡ്മിൻ/30/466/2021

തീയതി: 17.06.2021

**കേരള സർവകലാശാല, കാര്യവട്ടം കാമ്പസ്**

## ക്വട്ടേഷൻ നോട്ടീസ്

കേരള സർവകലാശാല കാമ്പസിലെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിങ്ങിന്റെ ക്ലാസ്സ് മുറികൾ, ഓഫീസ് മുറികൾ, ലാബുകൾ, വർക്ക്ഷോപ്പുകൾ, സെമിനാർ ഹാളുകൾ, ആഡിറ്റോറിയം, വരാന്ത, മുറ്റം, ടോയ്‌ലെറ്റുകൾ, തുടങ്ങിയവ ദിവസേന ശുചീകരണം നടത്തുവാൻ യോഗ്യരായ വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ഇ.എം.ഡി തുക 5,000/- രൂപ, ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം എന്ന പേരിൽ പ്രത്യേകം എടുത്ത ഡി.ഡി-യോടൊപ്പം (എസ്.ബി.ഐ കാര്യവട്ടം ബ്രാഞ്ചിൽ മാറാവുന്നത്) വെള്ള പേപ്പറിൽ അപേക്ഷകന്റെ പേരും മേൽവിലാസവും ഫോൺ നമ്പരും ദർഘാസും (ഒരു മാസത്തേക്ക് ഇത്ര രൂപ എന്ന നിരക്കിൽ ) രേഖപ്പെടുത്തി ജൂൺ മാസം 30-ാം തീയതി വൈകുന്നേരം 03.00 മണിക്ക് മുമ്പായി കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ് .ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 03.30 ന തുറക്കുന്നതായിരിക്കും.

ജോലിയെ സംബന്ധിച്ച വിശദ വിവരങ്ങൾ യൂണിവേഴ്സിറ്റി കോളേജ്ഓഫ് എഞ്ചിനിയറിങ്ങിൽ നേരിട്ട് ചെന്ന് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ക്വട്ടേഷനെ സംബന്ധിച്ച കൂടുതൽ നിബന്ധനകൾ നോട്ടീസിനൊപ്പം ചേർത്തിരിക്കുന്നു. ദർഘാസ് ലഭിക്കുന്ന വ്യക്തിയുടെ ഇ.എം.ഡി തുക, സെക്യൂരിറ്റി ഡിപ്പോസിറ്റായി കരാർ കാലയളവ് തീരും വരെ ഈ ഓഫീസിൽ സൂക്ഷിക്കുന്നതായിരിക്കും.

ക്വട്ടേഷനെ സംബന്ധിച്ച അന്തിമ തീരുമാനം കൈകൊള്ളുവാനുള്ള അധികാരം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

*Sd/-*

**ജോയിന്റ് രജിസ്ട്രാർ**